# പതിമൂന്നാം കേരളനിയമസഭ
# പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4289** **17/12/2014-ൽ മറുപടിക്ക്**

## പാലക്കാട് ജില്ലയിൽ കാൻസർ സെന്റർ

**ചോദ്യം**

**ശ്രീ.വി.ചെന്താമരാക്ഷൻ**

**മറുപടി**

**ശ്രീ. വി. എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കാൻസർ രോഗബാധിതരുടെ എണ്ണം വർദ്ധിച്ചുവരുന്ന പാലക്കാട് ജില്ലയിൽ കാൻസർ രോഗ ചികിത്സയ്ക്കായി നിലവിൽ എന്തെങ്കിലും സംവിധാനം ഉണ്ടോ; വിശദാംശം നൽകുമോ; | (എ) | മുൻകൂർ കാൻസർ രോഗ നിർണ്ണയത്തിനും തുടർ ചികിത്സയ്ക്കുമായി ആർ.സി.സി.യുടെ ഉപകേന്ദ്രമായ ഒരു ഏർളി കാൻസർ ഡിറ്റക്ഷൻ സെന്റർ പാലക്കാട് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ജില്ലാ കാൻസർ കെയർ പദ്ധതി പാലക്കാട് ജില്ലാ ആശുപത്രിയിൽ നിലവിലുണ്ട്. അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഫണ്ട് അനുവദിക്കുകയും, കീമോതെറാപ്പി സൗകര്യം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വടക്കൻ ജില്ലകളിലെ കാൻസർ രോഗബാധിതർക്ക് തലശ്ശേരിയിലെ മലബാർ കാൻസർ സെന്ററിലും, കണ്ണൂർ പരിയാരം മെഡിക്കൽ കോളേജ്, കോഴിക്കോട് മെഡിക്കൽ കോളേജ് എന്നിവിടങ്ങളിലും ചികിത്സാ സൗകര്യം ലഭ്യമാണ്. |
| (ബി) | ജില്ലയിലെ മെഡിക്കൽ കോളേജിനോട് ചേർന്ന് ആർ.സി.സി.ക്ക് സമാനമായ ചികിത്സാ സൗകര്യം ഒരുക്കുന്നതിന് സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) | പാലക്കാട് മെഡിക്കൽ കോളേജ് പട്ടികജാതി ക്ഷേമ വകുപ്പിന്റെ നിയന്ത്രണത്തിലാണ്. |

സെക്ഷൻ ഓഫീസർ